**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ബ്ലോക്ക് പഞ്ചായത്തുകളിലെ നിലവിലുള്ള 152 യു.ഡി.ക്ലർക്ക് തസ്തിക ഹെഡ് അക്കൗണ്ടന്റായി ഉയർത്തിക്കൊണ്ടും ബാക്കിയുള്ള യു.ഡി.ക്ലർക്ക് തസ്തികകൾ നിലവിലുള്ള റേഷ്യോ പ്രകാരം പുനഃക്രമീകരണം നടത്തുന്നതിന് അനുവാദം നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്**

സ.ഉ.(കൈ) നം.287/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 24.08.2013.

പരാമർശം:

1) ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി മുമ്പാകെ ഗ്രാമവികസന വകുപ്പ് ജീവനക്കാർ സമർപ്പിച്ച 12.01.2012-ലെ നിവേദനം.
2) ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി മുമ്പാകെ കേരള റൂറൽ ഡവലപ്മെന്റ് എംപ്ലോയീസ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി സമർപ്പിച്ച നിവേദനം.
3) ഗ്രാമവികസന കമ്മീഷണറുടെ 12.06.2012, 16.08.2012 എന്നീ തീയതികളിലെ 6583/എസ്റ്റാസി3/11/സിആർഡി നമ്പർ കത്തുകൾ.
4) ഗ്രാമവികസന കമ്മീഷണറുടെ 07.03.2013-ലെ 6853/എസ്റ്റാസി3/11/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

1) ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത്/ ബ്ലോക്ക് ഓഫീസുകളിലെ അക്കൗണ്ടുകൾ/ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള ഹെഡ് ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി ഉയർത്തുന്നതിനും, പുതിയതായി ഹെഡ് അക്കൗണ്ടന്റ് തസ്തിക അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) - ലെ അപേക്ഷയിലൂടെ ഗ്രാമവികസന വകുപ്പ് ജീവനക്കാർ അഭ്യർത്ഥിക്കുകയുണ്ടായി. ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി ഉയർത്തുന്നതിനും പുതിയതായി ഹെഡ് അക്കൗണ്ടന്റ് തസ്തിക അനുവദിക്കുന്നതിനുമായി തീരുമാനമെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഗ്രാമവികസന വകുപ്പ് മന്ത്രി മുമ്പാകെ പരാമർശം (2) മുഖേന കേരള റൂറൽ ഡവലപ്മെന്റ് എംപ്ലോയീസ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി ജനറൽ

സെക്രട്ടറി നിവേദനം സമർപ്പിച്ചിരുന്നു. അക്കൗണ്ടന്റ് തസ്തികയുടെ അനിവാര്യത കണക്കിലെടുത്ത് ബ്ലോക്ക് പഞ്ചായത്തുകളിലെ നിലവിലുള്ള ഹെഡ് ക്ലർക്ക് തസ്തിക ജൂനിയർ സുപ്രണ്ടായി ഉയർത്തുന്നതിനും 152 ബ്ലോക്ക് പഞ്ചായത്തുകളിലും ഹെഡ് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുവാനും പരാമർശം (3), (4) കത്തുകൾ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1), (2)-ലെ അപേക്ഷയിലെ സാഹചര്യം കണക്കിലെടുത്തും പരാമർശം (3) -ലെയും പരാമർശം (4)-ലെയും റിപ്പോർട്ടിന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള യു.ഡി. ക്ലർക്ക് തസ്തികകളിൽ 152 എണ്ണം ഹെഡ് അക്കൗണ്ടന്റ് തസ്തികയാക്കി അപ്ഗ്രേഡ് ചെയ്ത് (ശമ്പള സ്കെയിൽ ₹.14620 - 25280) എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഓരോ ഹെഡ് അക്കൗണ്ടന്റുമാരെ നിയമിച്ചുകൊണ്ടും, അപ്രകാരം അപ്ഗ്രേഡ് ചെയ്ത 152 യു.ഡി.ക്ലർക്ക് തസ്തികകൾ ഒഴികെ ബാക്കിയുള്ള യു.ഡി.ക്ലർക്ക് തസ്തികകൾ കണക്കിലെടുത്ത് ആകെ എൽ.ഡി. ക്ലർക്ക് - യു.ഡി.ക്ലർക്ക് തസ്തികയിലെ നിലവിലുള്ള റേഷ്യോ പ്രകാരം പുനഃക്രമീകരണം നടത്തുന്നതിനും അധികമായി എൽ.ഡി.ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലായെന്നും ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
5. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
6. ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം.60143/ഡെവ.1/12/ധന, തീയതി, 09.0?.2012, അനൗദ്യോഗിക കുറിപ്പ് നം.90504/ഡെവ.1/12/ധന, തീയതി, 05.12.2012, അനൗദ്യോഗിക കുറിപ്പ് നം.18870/ഡെവ.1/13/ധന, തീയതി, 01.06.2013.)
7. പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം. നം. 4071 പ്രകാരം)
8. ഇൻഫർമേഷൻ കേരള മിഷൻ
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheeja

സെക്ഷൻ ഓഫീസർ